# പതിനാലാം കേരളനിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം: 4606** 　　　　 **25.06.2019 -ൽ മറുപടിയ്ക്ക്**

**ഭവനനിർമ്മാണ വകുപ്പിന്റെ പുതിയ പ്രോജക്ടുകൾ**

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.കെ.വി.വിജയദാസ് :** | | **ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(ബഹു. റവന്യൂവും ഭവന<br>നിർമ്മാണവും വകുപ്പുമന്ത്രി)** |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭവനനിർമ്മാണ വകുപ്പ് ഏതെങ്കിലും പുതിയ പ്രോജക്ടുകൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദ വിവരം നൽകുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ;<br><br>ബി) നിലവിൽ ഭവന നിർമ്മാണ ബോർഡ് എന്തെല്ലാം പ്രോജക്ടുകളാണ് നടപ്പിലാക്കിവരുന്നത്; വിശദവിവരം നൽകുമോ? | (എ) യും (ബി) യും | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കിവരുന്ന പ്രോജക്ടുകളെ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. സംസ്ഥാനത്തെ മെഡിക്കൽ കേളേജുകളിൽ ചികിത്സ തേടുന്ന രോഗികൾക്കും അവരുടെ കൂട്ടിരിപ്പുകാർക്കും വാടകയ്ക്ക് താമസ സൗകര്യം ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾക്ക സമീപമുള്ള റവന്യൂ ഭൂമിയിൽ ആശ്വാസ് വാടക വീട് പദ്ധതി ആലപ്പുഴ, തൃശ്ശൂർ എന്നിവിടങ്ങളിൽ നടപ്പിലാക്കുന്നതിനായുള്ള നടപടികൾ ത്വരിതപ്പെടുത്തി വരികയാണ്.<br><br>2. സ്വന്തമായി രണ്ട്/മൂന്ന് സെന്റ് ഭൂമിയുള്ള EWS/LIG വിഭാഗത്തിൽപ്പെട്ടവർക്ക് സന്നദ്ധ സംഘടന/NGO എന്നിവരുടെ സഹായത്തോടെ വീട് നിർമ്മാണത്തിനായി സർക്കാർ സബ്സിഡി നൽകുന്ന ഗൃഹശ്രീ ഭവന പദ്ധതി 2013-14 സാമ്പത്തിക വർഷം മുതൽ ബോർഡ് നടപ്പിലാക്കി വരുന്നുണ്ട്.<br><br>3. സർക്കാർ ഉദ്യോഗസ്ഥർക്ക് സർക്കാർ ഭൂമിയിൽ ഭവന പദ്ധതി<br>a. ഹൊസ്ദുർഗ്ഗ് താലൂക്കിലെ കാഞ്ഞങ്ങാട് 12 ഫ്ലാറ്റുകളുടെ നിർമ്മാണം - കാസർഗോഡ് ഘട്ടം IV<br>b. കാസർഗോഡ് ഘട്ടം V ആയി ഫ്ലാറ്റ് നിർമ്മാണത്തിന്റെ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി വരുന്നു.<br><br>4. പരിശീലന പദ്ധതിയും ഓഫീസ് ഓട്ടോമേഷൻ പദ്ധതി - ബയോമെട്രിക് അറ്റന്റൻസ് സിസ്റ്റം സ്ഥാപിച്ച് നടപ്പാക്കുകയും ഇ-ഗവേണൻസ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടറുകൾ |

വാങ്ങുകയും ചെയ്തു.

5. എം.എൻ.ലക്ഷം വീട് പദ്ധതിയിലെ ഇരട്ട വീടുകൾ ഒറ്റ വീടാക്കി മാറ്റാനും വാസയോഗ്യമല്ലാത്ത വീടുകൾ പുനർ നിർമ്മിക്കുന്നതിനുമായി Special Bumber Lottery നടത്തി സമാഹരിച്ച 6.16 കോടി രൂപ ഉപയോഗിച്ച് വീട് നിർമ്മിച്ച് നൽകുന്ന പദ്ധതി പുരോഗമിക്കുന്നു.

6. പ്രീ ഫാബ് സാങ്കേതിക വിദ്യ ഉപയോഗിച്ച് തോട്ടം തൊഴിലാളികൾക്ക് വാടക വീട് നിർമ്മിക്കുന്ന പദ്ധതിയ്ക്ക് പദ്ധതി റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

7. മധൂർ വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതി

കാസർഗോഡ് ജില്ലയിലെ മധൂരിൽ 109 കിടക്കകൾ ഉള്ള വർക്കിംഗ് വിമൻസ് ഹോസ്റ്റലിന്റെ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

8. റവന്യൂ ടവർ പദ്ധതി

തിരുവനന്തപുരം ജില്ലയിൽ കടകംപള്ളിയിൽ റവന്യൂ ടവർ നിർമ്മാണത്തിലാണ്. കാസർഗോഡ് ജില്ലയിൽ വെള്ളരിക്കുണ്ട് എന്ന സ്ഥലത്ത് നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുന്നതാണ്.

9. കൺസൾട്ടൻസി വർക്കുകൾ

വിവിധ സർക്കാർ/അർദ്ധ സർക്കാർ വകുപ്പുകളുടെ നിർമ്മാണ പ്രവർത്തികൾ ബോർഡ് ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഹൗസിംഗ് കമ്മീഷണറുടെ കാര്യാലയത്തിൽ താഴെപ്പറയുന്ന പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്.

1. ചെലവുകുറഞ്ഞതും പരിസ്ഥിതി സൗഹൃദ പരവുമായ ഭവന നിർമ്മാണ രീതികൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും 2018-19 വർഷത്തിൽ 'Promotion of Innovative Building Technologies & Housing Literacy Programme' പദ്ധതിയിലൂടെ തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, കണ്ണൂർ, പാലക്കാട്, കോഴിക്കോട്, കാസർഗോഡ് എന്നീ ജില്ലകളിൽ സെമിനാറുകളും എക്സിബിഷനുകളും 2018-19 വർഷത്തിൽ സംഘടിപ്പിച്ചിട്ടുണ്ട്.

2. കേരള സംസ്ഥാന പാർപ്പിട നയം (2011) പരിഷ്കരിക്കുന്നതിനുള്ള നടപടികൾ എടുത്തു വരുന്നു.

3. കെട്ടിട നിർമ്മാണ സാമഗ്രികളുടെ ഉപയോഗം കുറച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കായി 'കേരള ബിൽഡിംഗ് കോഡ്' രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

4. കാലാവസ്ഥയ്ക്കും പരിസ്ഥിതിയ്ക്കും ഇണങ്ങുന്നതും പ്രകൃതി ദുരന്തങ്ങളെ അതിജീവിക്കുന്നതുമായിരിക്കണം ഭാവിയിലെ ഓരോ നിർമ്മാണ പ്രവർത്തനം എന്ന അവബോധം പൊതുജനങ്ങളിലേയ്ക്ക് എത്തിക്കു വാൻ സാധ്യമാകും വിധം നിലവിൽ (2019-20) കേരള കാലാവസ്ഥ പ്രതികരണ ഭവന രൂപകൽപ്പന പ്രചരണ പരിപാടി ബഡ്ജറ്റിൽ വിഭാവനം ചെയ്തിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന പുതിയ പ്രവർത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

1. Prefab Unit – Shornur (18-19) പ്രീഫാബ് കെട്ടിട നിർമ്മാണ ഘടകങ്ങളുടെ ഉത്പാദന യൂണിറ്റ് പാലക്കാട് ജില്ലയിൽ ആരംഭിക്കുന്നതിന് - 70 ലക്ഷം

2. സ്വയം പര്യാപ്ത മോഡൽ ഭവന പദ്ധതി, കാട്ടാക്കട - 344 ലക്ഷം

3. പരമ്പരാഗത ഗൃഹോപകരണങ്ങൾ ഉപയോഗിച്ച് സജ്ജീകരിച്ചിരിക്കുന്ന ഒരു ഹാബിറ്റാറ്റ് മ്യൂസിയം പി.റ്റി.പി നഗർ കാമ്പസിൽ - 30 ലക്ഷം

4. പ്രീഫാബ് സാങ്കേതിക വിദ്യ ഉപയോഗിച്ച് നിർമ്മിച്ച ഒരു മാതൃകാ ഭവനം - 4 ലക്ഷം

(signature)

സെക്ഷൻ ഓഫീസർ